പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 68 — 07/08/2017 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വേഗത്തിൽ സഹായം ലഭിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ; | (എ) | ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം ഏർ പ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനു പകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ധന സഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്ക് ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കാൻസർ രോഗികളുടെയും വൃക്കരോഗികളുടെയും അപേക്ഷകൾക്ക് വേഗത്തിൽ സഹായം ലഭ്യമാക്കുവാൻ ഹോട്ട് ലൈൻ സംവിധാനം ഏർ പ്പെടുത്തുന്ന കാര്യം ആലോചിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ